# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **908** | **10/02/2016**-ൽ മറുപടിക്ക്

## ശുദ്ധജലവിതരണ, മാലിന്യ നിർമ്മാർജ്ജന മേഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ശുദ്ധജലവിതരണ, മാലിന്യ നിർമ്മാർജ്ജന മേഖലയ്ക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ മൊത്തം എത്ര കോടി രൂപ വകയിരുത്തുകയുണ്ടായിട്ടുണ്ട്; അതിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര; | (എ) കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ശുദ്ധജല വിതരണ, മാലിന്യ നിർമ്മാർജ്ജന മേഖലയ്ക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ മൊത്തം 631.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ട്രഷറിയിൽ നിന്നും 323.36 കോടി രൂപ പിൻവലിച്ചു. ഇതിനുപരിയായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ 130 കോടി രൂപയിൽ 44.28 കോടി രൂപ അനുവദിച്ചു. |
| (ബി) ജിക്കയുടെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിനായി നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും എന്തു തുക പിൻവലിച്ചിട്ടുണ്ട്; വകയിരുത്തിയ തുക എത്രയായിരുന്നു; | (ബി) നബാർഡ് സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ച പ്രസ്തുത പദ്ധതിക്ക് തന്നാണ്ടിലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (സി) മേൽപറഞ്ഞ പദ്ധതികൾക്ക് വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക പിൻവലിക്കുകയുണ്ടായി എന്നു വ്യക്തമാക്കുമോ? | (സി) ചോദ്യം (എ)യിൽ പ്രതിപാദിച്ചിട്ടുള്ള പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക പിൻവലിച്ചു.<br>സംസ്ഥാനാവിഷ്കൃതപദ്ധതികൾ - 60.00%<br>നബാർഡ് - 40.59%<br>ജിക്ക - 40.00% |

സെക്ഷൻ ഓഫീസർ

JSK/